©
**കേരള സർക്കാർ**
Government of Kerala
2022

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

**ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്**
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| **വാല്യം 11**<br>Vol. XI | **തിരുവനന്തപുരം, വെള്ളി**<br>Thiruvananthapuram, Friday | **2022 ജൂൺ 17**<br>17th June 2022<br>**1197 മിഥുനം 3**<br>3rd Mithunam 1197<br>**1944 ജ്യേഷ്ഠം 27**<br>27th Jyaishta 1944 | **നമ്പർ**<br>No. **2004** |

കേരള സർക്കാർ

**തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്**

വിജ്ഞാപനം

**സ.ഉ. (അ)നമ്പർ 45/2022/തസ്വഭവ.**
**എസ്. ആർ. ഒ. നമ്പർ 606/2022**

*തിരുവനന്തപുരം, 2022 മെയ് 20*
*1197 ഇടവം 06.*

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് (1994-ലെ 13) 162-ാം വകുപ്പ് (12)-ാം ഉപവകുപ്പ് 254-ാം വകുപ്പിനോട് കൂട്ടിവായിച്ച പ്രകാരം നല്കപ്പെട്ട അധികാരം വിനിയോഗിച്ച്, കേരള സർക്കാർ, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനുമായി കൂടിയാലോചിച്ചതിന് ശേഷം,

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

2000 സെപ്റ്റംബർ 29–ാം തീയതിയിലെ സ.ഉ.(പി)276/2000/തസ്വഭവ. നമ്പർ വിജ്ഞാപനപ്രകാരം പുറപ്പെടുവിച്ചതും 2000 സെപ്റ്റംബർ 30–ാം തീയതിയിലെ 1767-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ 895/2000 നമ്പരായി പ്രസിദ്ധീകരിച്ചതുമായ 2000–ലെ കേരള പഞ്ചായത്ത് രാജ് (സ്റ്റാൻറിംഗ് കമ്മിറ്റി) ചട്ടങ്ങൾ വീണ്ടും ഭേദഗതി ചെയ്യുന്നതിന്, താഴെപ്പറയുന്ന ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത്:–

ചട്ടങ്ങൾ

1. <u>ചുരുക്കപ്പേരും പ്രാരംഭവും</u>.–(1) ഈ ചട്ടങ്ങൾക്ക് 2022–ലെ കേരള പഞ്ചായത്ത് രാജ് (സ്റ്റാൻറിംഗ് കമ്മിറ്റി) ഭേദഗതി ചട്ടങ്ങൾ എന്ന് പേര് പറയാം.

(2) ഇവ ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. <u>ചട്ടങ്ങൾക്കുള്ള ഭേദഗതി.–</u> 2000–ലെ കേരള പഞ്ചായത്ത് രാജ് (സ്റ്റാൻറിംഗ് കമ്മിറ്റി) ചട്ടങ്ങളിൽ,–

15–ാം ചട്ടത്തിൽ,

(1) (9)–ാം ഉപചട്ടത്തിനു ശേഷം താഴെപ്പറയുന്ന ഉപചട്ടം ചേർക്കേണ്ടതാണ്, അതായത്:–

"(9 എ) വോട്ടെടുപ്പ് ഓപ്പൺ ബാലറ്റ് മുഖാന്തിരമായിരിക്കേണ്ടതും, വോട്ട് രേഖപ്പെടുത്തുന്ന അംഗം ബാലറ്റ് പേപ്പറിന്റെ പുറകു വശത്ത് അദ്ദേഹത്തിന്റെ പേരും ഒപ്പും എഴുതി രേഖപ്പെടുത്തേണ്ടതുമാണ്".

(2) (11)–ാം ഉപചട്ടത്തിൽ "സർക്കാരിനെയും പഞ്ചായത്ത് പ്രസിഡന്റിനെയും സെക്രട്ടറിയെയും" എന്ന വാക്കുകൾക്ക് പകരം "സർക്കാരിനെയും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനെയും പഞ്ചായത്ത് പ്രസിഡന്റിനെയും സെക്രട്ടറിയെയും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
ശാരദ മുരളീധരൻ,
അഡീഷണൽ ചീഫ് സെക്രട്ടറി.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വ്യക്തമാക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

1999–ലെ കേരള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ (കുറുമാറ്റം നിരോധിക്കൽ) ആക്റ്റിന്റെ (1999–ലെ 11–ാം ആക്റ്റ്) ഒന്നാം പട്ടിക പ്രകാരം, 1994–ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് (1994–ലെ 13) ഭേദഗതി ചെയ്തിട്ടുള്ളതും 157–ാം വകുപ്പിൽ (9 എ) ഉപവകുപ്പ് ചേർത്തിട്ടുള്ളതുമാണ്.

അതുപ്രകാരം അവിശ്വാസ പ്രമേയത്തിന്മേലുള്ള വോട്ടെടുപ്പ് ഓപ്പൺ ബാലറ്റ് മുഖാന്തിരമായിരിക്കേണ്ടതും വോട്ട് രേഖപ്പെടുത്തുന്ന അംഗം ബാലറ്റ് പേപ്പറിന്റെ പുറക് വശത്ത് അദ്ദേഹത്തിന്റെ പേരും ഒപ്പും എഴുതി രേഖപ്പെടുത്തേണ്ടതുമാണ്.

എന്നാൽ മേൽപ്രകാരം ഒരു വ്യവസ്ഥ 2000–ലെ കേരള പഞ്ചായത്ത് രാജ് (സ്റ്റാന്റിംഗ് കമ്മിറ്റി) ചട്ടങ്ങളിൽ അവിശ്വാസ പ്രമേയം സംബന്ധിച്ച 15–ാം ചട്ടത്തിൽ ചേർത്തിട്ടില്ലാത്തതാണ്. ഈ കുറവ് പരിഹരിക്കുന്നതിന് വേണ്ടിയാണ് നിർദ്ദിഷ്ട ഭേദഗതി.

15–ാം ചട്ടത്തിലെ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനെതിരെയുള്ള അവിശ്വാസ പ്രമേയത്തിന്റെ വ്യവസ്ഥകൾ കേരള പഞ്ചായത്ത് രാജ് ആക്റ്റിന്റെ 157–ാം വകുപ്പിന് സമാനമാണ്, മാത്രമല്ല 157–ാം വകുപ്പിലെ അവിശ്വാസ പ്രമേയത്തിന്മേലുള്ള വോട്ടിംഗ് പോലെ തന്നെ 15-ാം ചട്ട പ്രകാരമുള്ള അവിശ്വാസ പ്രമേയത്തിന്മേലുള്ള വോട്ടിംഗും 1999–ലെ മേൽപ്പറഞ്ഞ ആക്റ്റിന്റെ പരിധിയിൽ വരുന്നതാണ്.

എന്ന് മാത്രമല്ല, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനെതിരെയുള്ള അവിശ്വാസ പ്രമേയത്തിൽ സ്വീകരിക്കേണ്ട വോട്ടിംഗ് രീതി വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാൽ ഓപ്പൺ ബാലറ്റ് രീതിയാണോ രഹസ്യ ബാലറ്റ് രീതിയാണോ സ്വീകരിക്കേണ്ടതെന്ന ആശയക്കുഴപ്പവും ഇത് സംബന്ധിച്ച് നിലനിൽക്കുന്നു.

ആയതിനാൽ 15–ാം ചട്ടത്തിൽ വ്യക്തമായ വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിലേയ്ക്ക്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(9 എ) ചട്ടം പുതുതായി ചേർക്കുന്നതിനാണ് നിർദ്ദിഷ്ട ഭേദഗതി.

കൂടാതെ, 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 162(5 ബി) വകുപ്പ് പ്രകാരം കേരള പഞ്ചായത്ത് രാജ് (സ്റ്റാന്റിംഗ് കമ്മിറ്റി) ചട്ടങ്ങൾ 10-ാം ചട്ടം (3)-ാം ഉപചട്ടത്തിന് 2010-ൽ വന്ന ഭേദഗതിക്ക് ശേഷം, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്റെ തിരഞ്ഞെടുപ്പ് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്കും മേൽനോട്ടത്തിനും നിയന്ത്രണത്തിനും വിധേയമായാണ് നടക്കുന്നത്. എന്നാൽ 15-ാം ചട്ടം (11)-ാം ഉപചട്ടത്തിൽ ഒരു സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനെതിരെയുള്ള അവിശ്വാസം പാസ്സായതിലൂടെ ഉണ്ടായ ചെയർമാന്റെ ആകസ്മിക ഒഴിവ് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനെ അറിയിക്കണമെന്ന് വ്യവസ്ഥയില്ലാത്തതാണ്. കേരള പഞ്ചായത്ത് രാജ് ആക്റ്റിന്റെ 157-ാം വകുപ്പ് (12)-ാം ഉപവകുപ്പ് പ്രകാരം ഒരു പഞ്ചായത്തിലെ പ്രസിഡന്റ്, വൈസ്പ്രസിഡന്റ് എന്നിവർക്ക് എതിരെയുള്ള അവിശ്വാസം പാസ്സാവുകയാണെങ്കിൽ പ്രസ്തുത ഒഴിവ് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് റിപ്പോർട്ട് ചെയ്യേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 10-ാം ചട്ടം (3)-ാം ഉപചട്ടത്തിൽ വന്ന ഭേദഗതിയുടെ വെളിച്ചത്തിൽ, ഇതിന് സമാനമായ ഒരു റിപ്പോർട്ട് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനെതിരെയുള്ള അവിശ്വാസം പാസ്സായതിലൂടെ ചെയർമാന്റെ ഒഴിവ് വരുമ്പോൾ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് നല്കുന്നതിലേയ്ക്കാണ് ഈ ഭേദഗതി നിർദ്ദേശം.

ഈ ലക്ഷ്യം നിറവേറ്റുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2022

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2022.06.21 11:01:02 +05:30